# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4956 24.07.2015-ൽ മറുപടിയ്ക്ക്**

## <u>കുളങ്ങളുടെ പുനരുദ്ധാരണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>,, എ.റ്റി.ജോർജ്ജ്<br>,, പാലോട് രവി<br>,,സണ്ണി ജോസഫ്: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾ നവീകരിച്ച് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും കുളങ്ങൾ മറ്റ് ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുകയും ചെയ്യും. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജല വിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ . |

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ വിവിധ പദ്ധതികളിലായി കുളങ്ങൾ നവീകരിക്കുന്നതിന് 152.45 കോടി രൂപയ്ക്ക് 689 കുളങ്ങൾക്ക് അനുമതി ലഭിച്ചു. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾക്ക് 72.758 കോടി രൂപ അനുവദിച്ചതിൽ 165 കുളങ്ങൾ പൂർത്തിയായി. റിപ്പയർ, റെനവേഷൻ, റെസ്റ്ററേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 29 കോടി രൂപയ്ക്ക് 134 കുളങ്ങൾക്ക് ഭരണാനുമതി ലഭിച്ചതിൽ 60 കുളങ്ങൾ പൂർത്തീകരിച്ചു.

2013 -14 ബഡ്ജറ്റ് പ്രഖ്യാപനം പ്രകാരം മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി 5.7 കോടി രൂപയ്ക്ക് 21 കുളങ്ങൾ നവീകരിക്കുന്നതിനായി അനുമതി നൽകി. ഇവ കൂടാതെ 13-ാം ധനകാര്യ കമ്മിഷൻ, നബാർഡ് ധനസഹായം എന്നീ പദ്ധതികളിൽപ്പെടുത്തി 180 കുളങ്ങൾക്കായി 45 കോടി രൂപയും അനുവദിച്ചു. ഇതിൽ 55 കുളം പൂർത്തീകരിച്ചു.

2015 -16 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കേണ്ട കുളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**